**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 303 11.11.2019 ലെ മറുപടിക്ക്

**എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ സംവരണം**

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**

**ശ്രീ. അബ്ദുൽ ഹമീദ് പി.**

**ശ്രീ. പി.ഉബൈദുള്ള**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**പിണറായി വിജയൻ**

**( മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അധ്യാപക-അനധ്യാപക തസ്തികകളിൽ സംവരണം നടപ്പാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) (ബി) & (സി) | കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു നൽകണമെന്ന് ബഹു. ഹൈക്കോടതിയുടെ 25.5.2015 ലെ വിധിന്യായത്തിൽ ഉത്തരവായിരുന്നു. ഇതിനെതിരെ എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21.12.2017 ലെ വിധിന്യായം മാനേജുമെന്റുകൾക്ക് അനുകൂലമായിരുന്നു.<br>എയ്ഡഡ് കോളജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21.12.2017 ലെ വിധിക്കെതിരെ ബഹു. സുപ്രീംകോടതി മുമ്പാകെ 9975-9979/18 എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ ബഹു. സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുളള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക-അനധ്യാപക തസ്തികകളിൽ പട്ടിക ജാതി - പട്ടിക വർഗ്ഗ സംവരണം എന്ന വിഷയത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.<br>കൂടാതെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ /കോളേജുകളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് Persons with Disabilities Act, 1995 പ്രകാരം 18.4.2017 വരെ 3% സംവരണവും Rights of Persons with Disabilities |
| (ബി) | എല്ലാ സംവരണ വിഭാഗങ്ങൾക്കും സംവരണം നല്കാൻ തീരുമാനമുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | Act,2016 പ്രകാരം 19.04.17 മുതൽ 4% സംവരണവും ഏർപ്പെടുത്തുന്നതിന് സാമൂഹ്യ നീതിവകുപ്പിന്റെ 18.11.2018 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 18/2018/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ ഡയറക്ട് പേമെന്റ് എഗ്രിമെന്റ്, ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരമാണ് നടത്തുന്നത്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് എയ്ഡഡ് കോളേജുകളിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. സാമൂഹ്യ നീതി വകുപ്പിന്റെ ഉത്തരവിനനുസൃതമായി സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br>എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.ഇ. ആക്ടിലും കെ.ഇ. റൂൾസിലും ഭേദഗതി വരുത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**